**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 401** | **08-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് കാലഘട്ടത്തിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri. P. Rajeeve<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | കള്ള് ചെത്ത്, മൽസ്യം, കയർ, കക്കവ്യവസായം പോലുള്ള പരമ്പരാഗത മേഖലകളിൽ കോവിഡ് കാലഘട്ടത്തിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച് വരുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | കോവിഡ് - 19 രോഗവ്യാപനത്തെ തുടർന്നുള്ള ലോക്ക്ഡൗൺ മൂലം കള്ള് ചെത്ത് മേഖലയിൽ തൊഴിൽ രഹിതരായ തൊഴിലാളികൾക്ക് കേരള കള്ള് വ്യവസായ ക്ഷേമനിധി ബോർഡിൽ നിന്നും അൺ എംപ്ലോയിമെന്റ് ലോൺ ഇനത്തിൽ 10090 തൊഴിലാളികൾക്ക് 10,000/- രൂപ വീതം ആകെ 10,05,83,700/- രൂപ വിതരണം ചെയ്തിട്ടുണ്ട്. ഒന്നാം ഘട്ട രോഗവ്യാപന പശ്ചാത്തലത്തിൽ കള്ള് വ്യവസായ ക്ഷേമനിധി അംഗങ്ങളായ 14368 തൊഴിലാളികൾക്ക് 5000/- രൂപ വീതം ആകെ 7,18,40,000/- രൂപയും ഓണത്തോടനുബന്ധിച്ചുള്ള ആശ്വാസ ധനസഹായമായി 14088 തൊഴിലാളികൾക്ക് 1000/- രൂപ വീതം 1,40,88,000/- രൂപയും ധനസഹായമായി തൊഴിൽ വകുപ്പ് വിതരണം ചെയ്തിട്ടുണ്ട്. കാലാവസ്ഥ മുന്നറിയിപ്പ്, കോവിഡ് ആദ്യ ഘട്ടം എന്നിവയാൽ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനായി SDRF പ്രകാരം 31.12 കോടി രൂപയും CMDRF പ്രകാരം 5 കോടി രൂപ ഉൾപ്പെടെ 36.12 കോടി രൂപ 2020-21-ൽ അനുവദിച്ചിരുന്നു. ഈ വർഷം സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന 157573 മത്സ്യത്തൊഴിലാളികൾക്ക് ആദ്യ ഗഡു വിതരണം ചെയ്യുന്നതിന് മെയ് മാസത്തിൽ 22.49 കോടി വിതരണം ചെയ്തിരുന്നു. കാലാവസ്ഥ മുന്നറിയിപ്പ്,കോവിഡ് എന്നിവ മൂലം ദുരിതം അനുഭവിക്കുന്ന തീരദേശ സമൂഹത്തിനായി ഭക്ഷ്യസാധനങ്ങളും മാസ്ക്, സാനിറ്റൈസർ എന്നിവ ഉൾപ്പെടെ 20 ഇനങ്ങളുടെ കിറ്റ് റേഷൻ കടകൾ വഴി നൽകുന്നതിന് മത്സ്യബന്ധന വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. കയർ വ്യവസായ മേഖലയിൽ കോവിഡ് കാലത്ത് തൊഴിൽ |

| | | | |
|---|---|---|---|
| | | | നഷ്ടപ്പെടാതിരിക്കാൻ സംഘങ്ങളോടൊപ്പം തന്നെ യൂണിറ്റ് അടിസ്ഥാനത്തിൽ കയർ പിരിക്കുന്ന തൊഴിലാളികൾക്കും അവരുടെ വീടുകളിൽ ചകിരി , കയർഫെഡ് എത്തിച്ചുകൊടുക്കുകയും കയർ സംഭരിച്ച് വിൽപന നടത്തുകയും ചെയ്തിട്ടുണ്ട് . കൂടാതെ സംഘങ്ങൾക്ക് കയർവില മുടക്കം കൂടാതെ നൽകുന്നതിനും പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി തൊഴിലാളികൾക്ക് വേതനം കൃത്യമായി നൽകുന്നതിനും സാധിച്ചിട്ടുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 25 കോടി രൂപ 2020-21 വർഷത്തേയ്ക്ക് സർക്കാർ ലഭ്യമാക്കിയിരുന്നു. ഈ തുകകൂടി ലഭിച്ചതോടെ കൂലിയിലെ സർക്കാർ വിഹിതവും പൂർണ്ണമായി നൽകുന്നതിന് സാധിച്ചു. കയർ തൊഴിലാളി ക്ഷേമനിധിബോർഡിലെ അംഗങ്ങളായ എല്ലാ കയർ തൊഴിലാളികൾക്കും കോവിഡ് സമാശ്വാസമായി 1000/- രൂപ വീതം അനുവദിക്കുന്നതിനായി സർക്കാർ 10 കോടി രൂപ അനുവദിക്കുകയുണ്ടായി. |
| (ബി) | പ്രസ്തുത പരമ്പരാഗത വ്യവസായങ്ങളെ പ്രതിസന്ധിയിൽ നിന്ന് കരകയറ്റാനും പുതിയ സാഹചര്യങ്ങളിലെ വെല്ലുവിളി അതിജീവിക്കാനും ഈ മേഖലയിലെ തൊഴിലാളികളെ പ്രാപ്തരാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | കയർ വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിന് വേണ്ടി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുനഃസംഘടന ചകിരി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും, കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുന:സംഘടന ഇതു വഴി കൈവരിക്കാനാകും എന്നു കരുതുന്നു. എൻ.സി.ഡി.സി യിൽ നിന്നും 200 കോടി രൂപ കയർ രണ്ടാം പുനസംഘടനയ്ക്കായി ആനുവദിക്കുകയും 110 കോടി രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് മഹാമാരി മൂലം പ്രതിസന്ധിയിലായ മറ്റു പരമ്പരാഗത വ്യവസായങ്ങളെയും പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ